**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 123** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>കാർഷിക മേഖലയിൽ വനിതകളുടെ പങ്കാളിത്തം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജീവ് ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** വനിതകളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കൃഷിയിലൂടെ കാര്യക്ഷമമായ വരുമാനം അവർക്ക് സാധ്യമാക്കുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** ഐക്യരാഷ്ട്രസഭ 2026 അന്താരാഷ്ട്ര വനിതാ കർഷക വർഷമായി ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനത്തിന് അർഹമായ പ്രാധാന്യം നൽകിക്കൊണ്ടും കേരളത്തിലെ കാർഷിക മേഖലയിൽ വനിതകളുടെ ശക്തമായ സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നതിനും വനിതകളുടെ നേതൃത്വത്തിലുള്ള കാർഷിക സംരംഭങ്ങളും കർഷക കൂട്ടായ്മകളും പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി സഖി എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഐക്യരാഷ്ട്രസഭ അന്താരാഷ്ട്ര വനിതാ കർഷക വർഷമായി 2026 പ്രഖ്യാപിച്ചതെങ്കിൽ 5 വർഷം നീണ്ടുനിൽക്കുന്ന പ്രത്യേക വനിതാ പദ്ധതിയായാണ് കൃഷി സഖി സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

2026-27 കാലയളവിൽ ഈ പദ്ധതിക്കായി ₹350.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും നിലവിലുള്ളതും സാധ്യതയുള്ളതുമായ വനിതാ കർഷക ഗ്രൂപ്പുകളെ കണ്ടെത്തി അവരെ കാർഷിക സംരംഭങ്ങളിലേക്കും കാർഷിക പ്രവർത്തനങ്ങളിലേക്കും സംയോജിപ്പിക്കുന്നതിലൂടെ വനിതാ കർഷകരെ കേരളത്തിലെ കാർഷിക മേഖലയിലെ ഒരു പ്രധാന ശക്തിയാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം, വിതരണം എന്നിവയുൾപ്പെടെ മുഴുവൻ കാർഷിക മൂല്യ ശൃംഖലയെയും ഉൾക്കൊള്ളുന്ന ഈ പദ്ധതിയിലൂടെ കാർഷിക മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുവാൻ പരിപാടി വിഭാവനം ചെയ്യുന്നു. നെല്ല്, പച്ചക്കറികൾ, പഴങ്ങൾ, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ വിളകളുടെ കൃഷിയിലും കാർഷിക പ്രവർത്തനങ്ങളിലും മൂല്യവർദ്ധനവിനും, സംസ്കരണത്തിനും വനിതാ ഗ്രൂപ്പുകളെ പിന്തുണയ്ക്കുവാൻ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.

സ്ത്രീ സംരംഭകത്വം ശക്തിപ്പെടുത്തുക, ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുക, സാങ്കേതികവിദ്യയും ധനസ്രോതസ്സുകളും ലഭിക്കുവാനുള്ള മാർഗ്ഗങ്ങൾ ഉറപ്പാക്കുക, സംസ്ഥാനത്തുടനീളം സ്ത്രീകൾ നയിക്കുന്ന കാർഷിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

2026-27 ൽ, തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് 300 വനിതാ കർഷക ഗ്രൂപ്പുകൾക്ക് "കൃഷി സഖി" പദ്ധതിയിലൂടെ സഹായം നൽകുവാൻ ഉദ്ദേശിക്കുന്നു.

**(ബി)** വനിതാ സംരംഭകർക്ക് കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തൊക്കെ പിന്തുണയാണ് സർക്കാരിന്റെ ഭാഗത്തു നിന്നും ലഭ്യമാക്കുകയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വനിതാ സംരംഭകർക്ക് മാത്രമായി കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പിന്തുണ നൽകുന്നതിന് പ്രത്യേക പദ്ധതികൾ മുൻകാലങ്ങളിൽ നടപ്പിലാക്കിയിട്ടില്ല. എന്നിരുന്നാലും, വനിതകൾ ഉൾപ്പടെയുള്ള സംരംഭകർക്ക് - സംസ്ഥാനാവിഷ്കൃത പദ്ധതിയായ വിളവെടുപ്പിന് ശേഷമുള്ള പരിപാലനവും മൂല്യ വർദ്ധനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി "സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം", മുഖേന നടപ്പിലാക്കുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യവർദ്ധിത പ്രോത്സാഹന പദ്ധതി (MSME Scheme), കേന്ദ്ര പദ്ധതികളായ കാർഷിക അടിസ്ഥാന സൗകര്യ വികസന ഫണ്ട് പദ്ധതി, (AIF - Agriculture Infrastructure Fund) കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM) എന്നിവ മുഖേനയും പിന്തുണ നൽകുന്നുണ്ട്.

മേൽ സൂചിപ്പിച്ചവ കൂടാതെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന മാനവശേഷി വികസനം, ആത്മ (Agriculture Technology Management Agency) എന്ന പദ്ധതികളിലൂടെ സംരംഭങ്ങൾ ആരംഭിക്കുവാൻ താല്പര്യമുള്ള സ്ത്രീകൾ ഉൾപ്പടെയുള്ള കർഷകർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനങ്ങളും, കാര്യശേഷി വികസന പരിശീലനങ്ങളും (capacity building) നടപ്പിലാക്കി വരുന്നുണ്ട്.

**(സി)** വനിതകൾക്ക് ആധുനിക കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിന് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** സംഘടിപ്പിക്കും. കൃഷിസഖി പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ വനിതാ കർഷക ഗ്രൂപ്പുകൾക്കും ആവശ്യാധിഷ്ഠിതമായി പരിശീലനങ്ങളും മറ്റു സഹായങ്ങളും നൽകുന്നതാണ്. കൃഷിസഖി പുതിയ പദ്ധതിയായതിനാൽ പദ്ധതി ഘടനയിൽ അന്തിമ തീരുമാനമെടുത്തശേഷം നടപടികൾ ആരംഭിക്കും.

**സെക്ഷൻ ഓഫീസർ**